"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - അറക്കുളം ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലർക്ക് ശ്രീമതി.ദീപമോൾ.എൻ.റ്റി ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ എ - 1213/2017 നമ്പർ കേസിലെ അന്തിമ ഉത്തരവ് പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ.(സാധാ) നം.1916/2023/LSGD തീയതി,തിരുവനന്തപുരം, 27-09-2023

---

പരാമർശം:-

1. 25.02.2017ലെ ജി ഒ (പി) No.3/17/പി&എ ആർ ഡി നമ്പർ സർക്കാർ ഉത്തരവ്
2. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 03.07.2023ലെ LSGD/PD/1224/2023-DED1(part-1) നമ്പർ നടപടിക്രമം
3. ശ്രീമതി.ദീപമോൾ.എൻ.റ്റി സമർപ്പിച്ച 03.07.2023ലെ അപ്പീൽ അപേക്ഷ
4. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഒ എ -1213/2017 നമ്പർ കേസിലെ 05.07.2023-ലെ അന്തിമ ഉത്തരവ്
5. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 23.08.2023ലെ LSGD/PD/52541/2023-DEC1 നമ്പർ കത്ത്

<u>ഉത്തരവ്</u>

ഇടുക്കി ജില്ലയിലെ അറക്കുളം ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലർക്ക് ശ്രീമതി.ദീപമോൾ.എൻ.റ്റി, പരാമർശം (2) പ്രകാരമുള്ള 2023-ലെ പൊതുസ്ഥലംമാറ്റ ഉത്തരവിനെതിരെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്തിരുന്ന ഒ എ -1213/2017 നമ്പർ കേസിൽ , അപേക്ഷക സർക്കാർ മുമ്പാകെ സമർപ്പിച്ച പരാമർശം (3) പ്രകാരമുള്ള അപ്പീൽ അപേക്ഷ ( Annexure A11) യിലെ വാദങ്ങൾ പരിശോധിച്ചും മേൽ പ്രകാരം സ്ഥലം മാറ്റ ഉത്തരവ് ബാധിക്കാനിടയുള്ള വ്യക്തികളെ നേരിൽ കേട്ടും കോടതി ഉത്തരവ് ലഭ്യമായി ഒരു മാസത്തിനുള്ളിൽ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് പരാമർശം (4) പ്രകാരം ഉത്തരവായിരുന്നു.

2.) 19.08.2019 മുതൽ 05.07.2023 തീയതി വരെ അറക്കുളം ഗ്രാമപഞ്ചായത്തിൽ ജോലി ചെയ്തുവന്നിരുന്നുവെന്നും, തദ്ദേശസ്വയം ഭരണ വകുപ്പ് ഡയറക്ടറുടെ 2023 ലെ പൊതുസ്ഥലംമാറ്റ ഉത്തരവ് പ്രകാരം ഉടുമ്പൻചോല ഗ്രാമപഞ്ചായത്തിലേയ്ക്ക് സ്ഥലംമാറ്റം ലഭിച്ചതിൻ പ്രകാരം 13.07.2023 തീയതി മുതൽ ഉടുമ്പൻചോല ഗ്രാമപഞ്ചായത്തിൽ ജോലിയിൽ പ്രവേശിച്ചുവെന്നും, എന്നാൽ ഹൈറേഞ്ചിലും തൊടുപുഴ റെയിഞ്ച് ഫോറസ്റ്റ് ഓഫീസിൻ കീഴിലെ അറക്കുളം സെക്ഷനിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസറായി ജോലി ചെയ്തു വരുന്ന ഭർത്താവിന്റേയും, തന്റെ സംരക്ഷണയിലുള്ള വാർദ്ധക്യസഹജവും ന്യൂറോ സംബന്ധവുമായ അസുഖങ്ങളാൽ ബുദ്ധിമുട്ടുന്ന മാതാവിന്റേയും ചികിൽസാർത്ഥം മിശ്രവിവാഹിതരായ ജീവനക്കാർക്ക് സ്ഥലംമാറ്റത്തിന് അനുവദിക്കുന്ന പരാമർശം (1) ഉത്തരവ് പ്രകാരമുള്ള സംരക്ഷണം അനുവദിച്ച് അറക്കുളം ഗ്രാമപഞ്ചായത്തിൽ തന്നെ നിലനിർത്തണമെന്നതാണ് പരാമർശം (3) പ്രകാരമുള്ള Annexure A11 ആയുള്ള അപ്പീൽ അപേക്ഷയിലെ ആവശ്യം.

3.) പരാമർശം (4) ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടിയാളെ നേരിൽ കേൾക്കുന്ന വേളയിലും മേൽ പ്രകാരം ആവശ്യം ഉന്നയിക്കുകയും രോഗിയായ മാതാവിന്റേയും ഭർത്താവിന്റേയും പരിചരണത്തിന് ഉതകുംവിധം മിശ്രവിവാഹിതരായ ദമ്പതികൾക്ക് ഒരേ സ്ഥലത്ത് ജോലി ചെയ്യുന്നതിനും, സ്ഥലംമാറ്റത്തിനും സംരക്ഷണം നൽകണമെന്നുള്ള ഉത്തരവുകളിലെ വ്യവസ്ഥകൾ പ്രകാരമുള്ള

ആനുകൂല്യം അനുവദിച്ച് നിലവിൽ അറക്കുളം ഗ്രാമപഞ്ചായത്തിൽ തിരികെ നിയമിക്കുകയോ അല്ലെങ്കിൽ സമീപ പഞ്ചായത്തായ കുടയത്തൂരിലേയ്ക്ക് സ്ഥലം മാറ്റം അനുവദിക്കുകയോ ചെയ്യണമെന്നും അഭ്യർത്ഥിക്കുകയുണ്ടായി.

4.) ശ്രീമതി ദീപമോൾ.എൻ.റ്റി -യ്ക്ക് അറക്കുളം ഗ്രാമപഞ്ചായത്തിൽ ഇൻ-സ്റ്റേഷൻ സീനിയോറിറ്റിയും നിലവിലെ ഓഫീസിൽ 3 വർഷം 7 മാസം, 13 ദിവസത്തേയും സീനിയോറിറ്റിയുമുണ്ടെന്നും, 2023-ലെ പൊതു സ്ഥലമാറ്റ മാനദണ്ഡത്തിൽ മിശ്ര വിവാഹിതർ എന്ന വിഭാഗത്തിൽ പരിരക്ഷിക്കപ്പെട്ടവരുടെ വിഭാഗത്തിന് പ്രത്യേക പരിഗണന നൽകിയിരുന്നുവെങ്കിലും മേൽ മാനദണ്ഡം ക്ലെയിം ചെയ്തോ അല്ലാതെയോ ടിയാൾ 2023-ലെ പൊതു സ്ഥലമാറ്റത്തിൽ അപേക്ഷ സമർപ്പിച്ചിരുന്നില്ലെന്നും, ആയതിനാലാണ് ടിയാളെ ഉടുമ്പൻചോല ഗ്രാമപഞ്ചായത്തിലേക്ക് പൊതുസ്ഥലംമാറ്റ മാനദണ്ഡങ്ങൾ പ്രകാരം സ്ഥലം മാറ്റിയിട്ടുള്ളതെന്നും പരാമർശം 5 പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5.) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു . ലഭ്യമായ രേഖകൾ പരിശോധിച്ചതിൻ പ്രകാരവും അപേക്ഷകയെ നേരിൽ കേട്ടതിൽ നിന്നും 2023-ലെ പൊതു സ്ഥലമാറ്റത്തിന് ടിയാൾ അപേക്ഷ സമർപ്പിച്ചിരുന്നില്ലെന്ന് വ്യക്തമാണ്. 22.03.2023-ലെ പൊതു സ്ഥലമാറ്റ മാനദണ്ഡങ്ങളിൽ മിശ്ര വിവാഹിതർ എന്ന വിഭാഗത്തിൽ പരിരക്ഷിക്കപ്പെടുന്നവരുടെ വിഭാഗത്തിനും അനുകമ്പാർഹ വിഭാഗത്തിൽപ്പെടുന്നവർക്കും പ്രത്യേക പരിഗണന അനുവദിച്ചിട്ടുള്ളതാണെങ്കിലും അപേക്ഷക ഈ ആനുകൂല്യങ്ങൾ ക്ലെയിം ചെയ്തിട്ടില്ലാത്തതാണ്. എന്നാൽ പൊതു സ്ഥലംമാറ്റത്തിൽ മാനദണ്ഡങ്ങൾക്കനുസൃതമായി അപേക്ഷിച്ചതിൻ പ്രകാരം അറക്കുളം ഗ്രാമപഞ്ചായത്തിലേയ്ക്ക് നിയമിക്കപ്പെട്ട സീനിയർ ക്ലർക്ക് ഈ തസ്തികയിൽ ചുമതലയെടുത്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ അറക്കുളം ഗ്രാമപഞ്ചായത്തിൽ തന്നെ നിലനിർത്തണമെന്നുള്ള ശ്രീമതി.ദീപമോൾ.എൻ.റ്റി-യുടെ ആവശ്യം നിയമപരമായി പരിഗണനാർഹമല്ല എന്ന് കണ്ട് പരാമർശം (3) പ്രകാരമുള്ള അപ്പീൽ അപേക്ഷ ( Annexure A11) നിരസിച്ച് ഉത്തരവാകുന്നു. എന്നാൽ, ശ്രീമതി ദീപമോൾ.എൻ.റ്റി മിശ്രവിവാഹിതയാണെന്ന പരിഗണനയുടെ അടിസ്ഥാനത്തിൽ, സൗകര്യപ്രദമായ ഏതെങ്കിലും സ്റ്റേഷനിലെ ഒഴിവിലേക്ക് ടിയാൾ അപേക്ഷ സമർപ്പിക്കുന്ന പക്ഷം ഇക്കാര്യത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ഉചിതമായ നടപടി സ്വീകരിക്കേണ്ടതാണ്.

6.) മേൽ പ്രകാരം പരാമർശം(3) പ്രകാരമുള്ള ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവ് പാലിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സെമിഗോപിനാഥ്. ജി
ഡെപ്യൂട്ടി സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം
2. ഡെപ്യൂട്ടി ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ്, ഇടുക്കി (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
3. ശ്രീമതി.ദീപമോൾ എൻ ടി, സീനിയർ ക്ലർക്ക്, ഉടുമ്പൻചോല ഗ്രാമപഞ്ചായത്ത് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
4. അഡ്വക്കേറ്റ് ജനറൽ, കേരളം, തിരുവനന്തപുരം (ആമുഖകത്ത് സഹിതം)
5. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം/തൃശ്ശൂർ
6. ഡയറക്ടർ ഐ കെ എം
7. ഇൻഫർമേഷൻസ് & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ)
8. കരുതൽ ഫയൽ (ഫയൽ നം.211/ഇപിഎ1/2023-എൽഎസ്ജിഡി

ഉത്തരവിൻ പ്രകാരം
Signed by
Danuja M S
Date: 29-09-2023 12:02:50

സെക്ഷൻ ഓഫീസർ